**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 899** **11-02-2025 - ൽ മറുപടിയ്ക്ക്**

**'എൻ ഊര്' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 'എൻ ഊര്' പദ്ധതിയിലൂടെ എന്തെല്ലാമാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | വയനാട് സബ്കളക്ടർ സ്ഥിരം പ്രസിഡന്റും, വൈത്തിരി, പൊഴുതന ഗ്രാമപഞ്ചായത്തുകളിലെ ഊരുമൂപ്പൻമാർ അംഗങ്ങളുമായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി 2012 ൽ ആരംഭിച്ച പദ്ധതിയാണ് ‘എൻ ഊര് ഗോത്ര പൈതൃക ഗ്രാമം’.<br><br>പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വിവിധ പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് മധ്യവർത്തികളില്ലാതെ നേരിട്ട് വിപണിയെ സമീപിക്കുന്നതിനും, ഇടപെടുന്നതിനും അവസരമൊരുക്കുക.<br>2. ജൈവ കൃഷി, കാർഷിക/വന ഉൽപ്പന്നങ്ങളുടെ സംസ്കരണം, പാക്കിംഗ്, മൺപാത്ര നിർമ്മാണം, പുഷ്പകൃഷി, മരുന്ന് ചെടികളുടെ സംസ്കരണം, വിപണനം തുടങ്ങിയ പരിസ്ഥിതിക്കനുകൂലമായ മേഖലകളിൽ പട്ടിക വർഗ്ഗ സമൂഹത്തിൽപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം നൽകി അവരുടെ കഴിവുകൾ വികസിപ്പിക്കുകയും തദ്ധാര ജീവനോപാധിക്ക് സുരക്ഷിതത്വം ഉറപ്പവരുത്തുകയും ചെയ്യുക.<br>3. ധനസഹായം ലഭിക്കുന്നതിനും, വിപണന, സാങ്കേതിക സഹായത്തിനുമുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി പട്ടികവർഗ്ഗ ജനസമൂഹവുമായി സർക്കാർ ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ദ്ധർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മറ്റ് സേവന തൽപ്പരരായ സംരംഭകർ, പ്രയോജകർ എന്നിവർക്ക് സംവദിക്കുന്നതിനും, ആശയ വിനിമയത്തിനും അവസരമൊരുക്കുക. |

| | | | |
|---|---|---|---|
| | | | 4. **പട്ടികവർഗ്ഗ സമൂഹത്തിന്റെ ആവാസവ്യവസ്ഥയുടെ സമഗ്ര വികസനം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി സാമൂഹ്യ വ്യക്തി ശുചിത്വം, ആരോഗ്യം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, എന്നിവയെക്കുറിച്ചുള്ള അവബോധം ഊട്ടിയുറപ്പിക്കുന്നതിന് വേണ്ടി പ്രവർത്തനങ്ങൾ നടത്തുക.**<br>5. **ആദിവാസി ഗോത്രകലകൾ ലോകത്തിന് പരിചയപ്പെടുത്തുക അഥവാ അവയെ മുഖ്യധാരാ സമൂഹത്തിന് പരിചിതമാക്കുക. ആദിവാസി ഗോത്രകലകളുടെ പോഷണത്തിനായി പ്രവർത്തനങ്ങൾ നടത്തുക.**<br>6. **ആദിവാസികൾ നിർമ്മിക്കുന്ന കരകൗശല വസ്തുക്കൾ, അവർ ശേഖരിക്കുന്ന ആയുർവ്വേദ മരുന്നുകൾ, ഔഷധമൂല്യമുള്ള ഭക്ഷ്യോൽപ്പന്നങ്ങൾ മുതലായവ ജില്ലക്കകത്തും പുറത്തുമുള്ള സഞ്ചാരികൾക്കും, പൊതുജനങ്ങൾക്കും നേരിട്ട് വിപണനം നടത്തുന്നതിനുള്ള അവസരമൊരുക്കുകയും, അതുവഴി മെച്ചപ്പെട്ട വില ഉറപ്പാക്കുകയും ചെയ്യുന്നു.**<br>7. **പട്ടികവർഗ്ഗ സമൂഹത്തിന് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾ നടപ്പിലാക്കുക.** |
| (ബി) | ടൂറിസം വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്? | (ബി) | എൻ ഊര് പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനോദസഞ്ചാര വകുപ്പ് 4.53 കോടി രൂപ (നാല് കോടി അൻപത്തി മൂന്ന് ലക്ഷം മാത്രം) അനുവദിച്ചു. ഇതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>• ഹെറിറ്റേജ് വാക്ക് വേ<br>• ട്രൈബൽ ഇന്റർപ്രട്ടേഷൻ സെന്റർ<br>• ടിക്കറ്റ് കൗണ്ടർ<br>• ചുറ്റുവേലി<br>• സ്കൾപ്ച്ചർ വർക്ക്<br>• ജനറേറ്റർ<br>നിലവിൽ വയനാട് ജില്ലയിൽ ആണ് 'എൻ ഊര്' പദ്ധതിയുള്ളത്. |

സെക്ഷൻ ഓഫീസർ